# ടെണ്ടർപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള തിരുവില്വാമല ഗ്രൂപ്പ് ദേവസ്വം അസ്സിസ്റ്റന്റെ കമ്മീഷ്ണർ ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പഴയന്നൂർ ദേവസ്വത്തിലെ പഴയ പാലസ് കെട്ടിടം പൂർണമായും അടിത്തറ ഉൾപെടെ പൊളിച്ചു കൊണ്ടുപോകുന്നതിനുള്ള അവകാശം **20/08/2020** തിയ്യതി പഴയന്നൂർ ദേവസ്വം ഓഫീസിൽ വച്ച് പരസ്യമായി സീൽഡ് ടെണ്ടർ വിളിച്ച് ഏല്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ടെണ്ടർ സമർപ്പിക്കുവാൻ താല്പര്യമുള്ളവർ സ്ഥലത്തും, സമയത്തും ഹാജരാകേണ്ടതും, ലേലം ഏറ്റവും കൂടുതൽ സംഖ്യക്ക് എടുക്കാം എന്ന് രേഖപ്പെടുത്തി സീൽചെയ്ത ടെണ്ടറുകൾ പഴയന്നൂർ ദേവസ്വം ഓഫീസിൽ വെച്ചിട്ടുള്ള ടെണ്ടർബോക്സിൽ **1.00Pm-ന്** മുൻപായി നിക്ഷേപിക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി ദേവസ്വം അസ്സിസ്റ്റന്റെ കമ്മീഷ്ണറുടെ പേരിൽ ധനലക്ഷ്മി ബാങ്ക് കുമരനെല്ലൂർ ശാഖയിൽമാറാവുന്ന **Rs.25000/-( ഇരുപത്തി അയ്യായിരം)** കായുടെ ഡിമാന്റ് ഡ്രാഫ്റ്റോ, അല്ലെങ്കിൽ FDR എന്നിവയിൽ ഏതെങ്കിലും ഉള്ളടക്കം ചെയ്യ്തിരിക്കേണ്ടതാണ്. കൂടാതെ ലേലം കൊള്ളുന്ന വ്യക്തിയുടെ PAN card ന്റെ കോപ്പിയും GST Registration - ന്റെ കോപ്പിയും ഉള്ളടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം അല്ലെങ്കിൽ FDR ഉള്ളടക്കം ചെയ്യാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ ഉള്ളടക്കം ചെയ്യ്ത കവറിന് പുറത്ത് **"പഴയന്നൂർ പഴയ പാലസ് കെട്ടിട ടെണ്ടർ"** എന്ന് പ്രത്യേകം എഴുതേണ്ടതാണ്.

ലഭിച്ച ടെണ്ടറുകൾ **1.30.PMന്** അപ്പോൾ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും കൂടുതൽ സംഖ്യ രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിലുള്ള ടെണ്ടർ ഉറപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട സ്പെഷൽ ദേവസ്വം കമ്മീഷ്ണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതും ആയത് അംഗീകരിച്ച് വരുന്ന മുറക്ക് സംഖ്യ മുഴുവനും 10 ദിവസത്തിനകം പഴയന്നൂർ ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ലേലം കൊണ്ടയാൾ ലേലം അംഗീകരിച്ച് വരുന്ന മുറക്ക് നിയമാനുസൃതമായ എല്ലാ നികുതികളും ഉൾപ്പെടെയുള്ള **(18% GST, 1% Cess + 1% Income Tax)** സംഖ്യ അടക്കേണ്ടതാണ്. ലേലം ഉറപ്പിച്ചതിന് ശേഷം ലേലം കൊണ്ടയാൾ ഒഴികെയുള്ളവർക്ക് കെട്ടിവെച്ച നിരതദ്രവ്യം അല്ലെങ്കിൽ FDR തിരിച്ചുനൽകുന്നതാണ്

*Scanned by TapScanner*

30 ദിവസത്തിനകം ടി കെട്ടിടം ചുറ്റുപാടുമുള്ള മറ്റു വസ്തുവഹകൾക്കും, ടി പരിസരത്ത് പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾക്കും യാതൊരുവിധ കേടുപാടുകൾ വരുത്താത്ത വിധത്തിൽ പൊളിച്ചു കൊണ്ടുപോകേണ്ടതും, സ്ഥലം പൂർണമായി നിരപ്പാക്കേണ്ടതും, വൃത്തിയാക്കേണ്ടതുമാണ്. ലേലക്കാരന്റെ അശ്രദ്ധ മൂലമോ മറ്റോ അപകടങ്ങൾ ഉണ്ടായാൽ ആയതിൽ ദേവസ്വത്തിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. അപ്രകാരം വസ്തുവഹകൾക്കോ, പാലസ് ഗ്രൗണ്ടിൽ പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾക്കോ കേടുപാടുകൾ സംഭവിച്ചാൽ മുഴുവൻ നഷ്ടപരിഹാരവും ലേലം കൊണ്ടയാളിൽ നിന്ന് വസൂൽ ചെയ്യുന്നതാണ്. ആയതിൽ ലേലക്കാരൻ പരിപൂർണ്ണ ഉത്തരവാദിയും, നിയമ നടപടികൾക്ക് വിധേയനുമാണ്. കെട്ടിടം പൊളിക്കുന്ന സമയത്ത് ഓട്, മരം, ഇരുമ്പ്, വെട്ടുകല്ലുകൾ എന്നീ ഉരുപ്പടികൾ അല്ലാതെ ഏതെങ്കിലും അമൂല്യമായതോ, വിലപിടിപ്പുള്ളതോ, പുരാതനമായതോ, അല്ലാത്തതോ ആയ എന്തെങ്കിലും വസ്തുക്കൾ ലഭിക്കുന്ന പക്ഷം ആയത് കൊച്ചിൻ ദേവസ്വം ബോഡിനെ അറിയിക്കേണ്ടതും, കൈമാറേണ്ടതുമാണ്. ടെണ്ടർ പരസ്യ നിശ്ചയപ്രകാരം പ്രവർത്തിക്കാതെ വരുന്ന പക്ഷം ടെണ്ടർ എടുത്ത വ്യക്തി സമർപ്പിച്ച നിരതദ്രവ്യം അല്ലെങ്കിൽ FDR ദേവസ്വത്തിലേക്ക് മുതൽ കൂട്ടുന്നതാണ്. സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നവർ Covid-19ന്റെ പശ്ചാത്തലത്തിൽ പ്രതിരോധന പ്രവർത്തനത്തിന്റെ ഭാഗമായി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

മേൽ എഴുതിയ സംഗതികളുടെ ഉറപ്പിലേക്കായി 200/- ക മുദ്ര പത്രത്തിൽ ടെണ്ടറുറപ്പിക്കുന്നയാൾ കൊച്ചിൻ ദേവസ്വം ബോർഡ് തയ്യാറാകുന്ന നിബന്ധനകൾ എഴുതി ഒപ്പിട്ട് തരേണ്ടതാണ്. ഈ പരസ്യപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡിന് ഗുണകരമല്ലെന്നു കണ്ടാൽ മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ടെണ്ടറിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡിന്റെ വെബ് സൈറ്റിലും, പ്രവർത്തിസമയങ്ങളിൽ തൃശൂർ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിലും, തിരുവില്വാമല ഗ്രൂപ്പ് ദേവസ്വം അസ്സിസ്റ്റന്റെ കമ്മീഷ്ണർ ഓഫീസിലും, പഴയന്നൂർ ദേവസ്വം ഓഫീസിലും അറിയാവുന്നതാണ്.

| ദേവസ്വം അസി:കമ്മിഷണർ,<br>കാര്യാലയം വടക്കാഞ്ചേരി<br>Ph No: 04884-235600 | അസി:കമ്മിഷണർ | അസി: എഞ്ചിനീയർ |
|---|---|---|

തിരുവില്വാമല ഗ്രൂപ്പ്